"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - അങ്കണവാടി സർവ്വീസസ്(ജനറൽ) പദ്ധതി- 2025-26 സാമ്പത്തിക വർഷത്തെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് ഇനത്തിൽ തുക വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**വനിത ശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.482/2025/WCDD തീയതി,തിരുവനന്തപുരം, 05-12-2025

---

പരാമർശം:-

1. കേന്ദ്രസർക്കാരിന്റെ 01/05/2025 തീയതിയിലെ CD-II-14/1/2025-CD-II (e-120110) നമ്പർ കത്ത്
2. കേന്ദ്രസർക്കാരിന്റെ 01/07/2025 തീയതിയിലെ CD-II-21/7/2024-CD-II നമ്പർ കത്ത്.
3. വനിത ശിശു വികസന ഡയറക്ടറുടെ 29/09/2025 തീയതിയിലെ DWCD/3279/2025 നമ്പർ കത്ത് .

**ഉത്തരവ്**

സംയോജിത ശിശുവികസന സേവന പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് പ്രതിവർഷം അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് ഇനത്തിൽ തുക ചെലവഴിക്കുന്നതിന് കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്യുന്നുണ്ട്. കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസിനായി 60 : 40 കേന്ദ്ര സംസ്ഥാന അനുപാതത്തിൽ ഒരു അങ്കണവാടിയ്ക്ക് 2000/- രൂപ നിരക്കിൽ തുക വിനിയോഗിക്കാവുന്നതാണ്. പരാമർശം (1) പ്രകാരം ലഭ്യമായ നടപ്പ സാമ്പത്തിക വർഷത്തെ അംഗീകൃത APIP പ്രകാരം അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസിന് തുക വിനിയോഗിക്കാവുന്നതാണ്.

(2) പോഷൻ ട്രാക്കർ ഡാറ്റ പ്രകാരം വൈദ്യുത കണക്ഷൻ ഉള്ള അങ്കണവാടികൾക്ക് മാത്രം നടപ്പ് സാമ്പത്തിക വർഷത്തെ അവശേഷിക്കുന്ന ക്വാർട്ടറുകളിൽ ഒരു അങ്കണവാടിയ്ക്ക് പ്രതിമാസം 500/- രൂപ നിരക്കിൽ വൈദ്യുതി ചാർജ്ജ് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതായും, ആയതിലേയ്ക്കായി നടപ്പ് സാമ്പത്തിക വർഷത്തെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസിന്റെ നിലവിലെ കോസ്റ്റ് നോംസ് @ Rs. 2000/- per AWC per year എന്നത് Rs. 8000/- per AWC (increased by Rs.6000/year for electricity charges) ആയി ഉയർത്തിയിട്ടുള്ളതായും അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതിയിലെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് കമ്പോണന്റിൽ നിശ്ചിത ആനുപാതത്തിൽ ഫണ്ട് അനുവദിക്കുന്നതാണെന്നും പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

(3) നടപ്പ് സാമ്പത്തിക വർഷത്തെ അംഗീകൃത APIP പ്രകാരം അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് ഇനത്തിൽ 33120 അങ്കണവാടികൾക്ക് 2000 രൂപ നിരക്കിൽ ആകെ 6,62,40,000/- രൂപയും, നിലവിൽ വൈദ്യുതീകരിച്ചിട്ടുള്ള 33101 അങ്കണവാടികൾക്ക് അവശേഷിക്കുന്ന 3 ക്വാർട്ടറിൽ പ്രതിമാസം പരമാവധി 500/-രൂപ നിരക്കിൽ ആകെ 14,89,54,500/- രൂപയും ചേർത്ത് ആകെ 21,51,94,500/- രൂപ ചെലവഴിക്കാവുന്നതാണ്.

(4) അങ്കണവാടികളുടെ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് നടപ്പ് സാമ്പത്തിക വർഷം അങ്കണവാടി കണ്ടിജൻസിയിൽ(അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) അനുവദിക്കുന്ന തുകയിൽ നിന്നും കണ്ടിജൻസി സാധനങ്ങൾ വാങ്ങുന്നതോടൊപ്പം അങ്കണവാടികൾക്ക് മുൻ വർഷങ്ങളിൽ പ്രിന്റ് ചെയ്തിട്ടില്ലാത്തതും, ഏറ്റവും അത്യാവശ്യമുള്ളതുമായ രജിസ്റ്ററുകൾ, ഫാറങ്ങൾ എന്നിവ പ്രിന്റ് ചെയ്യുന്നതിനും, അങ്കണവാടികളിലെ കുട്ടികളുടെ വളർച്ച നിരീക്ഷണത്തിനായി ഉപയോഗിക്കുന്ന വെയിംഗ് സ്കെയിലുകളുടെ 2025-26 വർഷത്തെ സീലിംഗ്, സർവ്വീസിംഗിനുള്ള തുക വിനിയോഗിക്കുന്നതിനും , നടപ്പ സാമ്പത്തിക വർഷത്തെ അങ്കണവാടി വർക്കർ/ഹെൽപ്പർ സെലക്ഷൻ നടപടികൾക്കായി ഒരു അങ്കണവാടിയ്ക്ക് പരമാവധി 500/-രൂപ വരെ ചെലവഴിക്കുന്നതിനും, വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് വാടക കരാറിലേർപ്പെടുന്നതിനുള്ള മുദ്രപത്രം വാങ്ങുന്നതിനുള്ള ചെലവഴിക്കുന്നതിനും, പോഷൻ ട്രാക്കർ ഡാറ്റ പ്രകാരം വൈദ്യുത കണക്ഷൻ ഉള്ള അങ്കണവാടികൾക്ക് വൈദ്യുതി ചാർജ്ജിനായി ഒരങ്കണവാടിയ്ക്ക് പ്രതിമാസം പരമാവധി 500/-രൂപ വരെ ചെലവഴിക്കുന്നതിനും, ഫുഡ് സേഫ്റ്റി രജിസ്ട്രേഷനായി ഒരു അങ്കണവാടിയ്ക്ക് പരമാവധി 150 രൂപ നിരക്കിൽ ചെലവഴിക്കുന്നതിനും ഉദ്ദേശിക്കുന്നതായി വനിത ശിശു വികസന ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

(5) കേന്ദ്ര സർക്കാരിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് ഇനത്തിൽ തുക വിനിയോഗിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുള്ളള സാഹചര്യത്തിലും, അങ്കണവാടികളുടെ സുഗമമമായ പ്രവർത്തനങ്ങൾക്കുമായി മേൽ വിവരിച്ചിട്ടുള്ള ഇനങ്ങൾ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസിൽ ഉൾപ്പെടുത്തുന്നതിനും, വാങ്ങൽ നടപടികൾ ബ്ലോക്ക് തലത്തിൽ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടു കൂടി സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ച് ശിശുവികസന പദ്ധതി ഓഫീസർമാർ മുഖാന്തിരം വാങ്ങുന്നതിനും, ഇതിനായി 60% കേന്ദ്ര വിഹിതം തുകയായ ₹12,91,16,700/-രൂപയും , 40% സംസ്ഥാന വിഹിതമായ ₹8,60,77,800/- രൂപയും ചേർത്ത് ആകെ **₹ 21,51,94,500/- രൂപ** (ഇരുപത്തിയൊന്ന് കോടി അൻപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) പദ്ധതിയ്ക്കായി വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള SNA ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും (അക്കൗണ്ട് നം : 40341101052949, IFSC : KLGB0040341) വിനിയോഗിക്കുന്നതിനുമുള്ള ഭരണാനുമതി നൽകണമെന്ന് പരാമർശം(3) പ്രകാരം വനിത ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട് .

(6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്ര സർക്കാരിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് ഇനത്തിൽ തുക വിനിയോഗിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുള്ളള സാഹചര്യത്തിലും, അങ്കണവാടികളുടെ സുഗമമമായ പ്രവർത്തനങ്ങൾക്കുമായി മേൽ വിവരിച്ചിട്ടുള്ള ഇനങ്ങൾ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസിൽ ഉൾപ്പെടുത്തുന്നതിനും, വാങ്ങൽ നടപടികൾ ബ്ലോക്ക് തലത്തിൽ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ

അംഗീകാരത്തോടു കൂടി സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ച് ശിശുവികസന പദ്ധതി ഓഫീസർമാർ മുഖാന്തിരം വാങ്ങുന്നതിനും, ഇതിനായി 60% കേന്ദ്ര വിഹിതം തുകയായ ₹12,91,16,700/-രൂപയും (പന്ത്രണ്ട് കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ് രൂപാ മാത്രം) , 40% സംസ്ഥാന വിഹിതമായ ₹8,60,77,800/- രൂപയും (എട്ടു കോടി അറുപത് ലക്ഷത്തി നാൽപതിനായിരം രൂപാ മാത്രം) ചേർത്ത് ആകെ **₹21,51,94,500/- രൂപ** (ഇരുപത്തിയൊന്ന് കോടി അൻപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) പദ്ധതിയ്ക്കായി വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള SNA ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും (അക്കൗണ്ട് നം : 40341101052949, IFSC : KLGB0040341) വിനിയോഗിക്കുന്നതിനുമുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് No.WCD-1/253/2025-FIN(E:3307664)
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
Date: 06-12-2025 12:17:03